STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]
[Formerly Kerala State Open School (KSOS)]
Vidyabhavan, Poojappura, Thiruvananthapuram -695012
Phone: 0471 2348581, 2342950, 2342271, 2342369 Fax: 0471 2344841, email : ksos8581@gmail.com

# ഹയർസെക്കൻഡറി പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർഥികളുടെ നിരന്തരമൂല്യനിർണയത്തിന്റെ ഭാഗമായുള്ള ഓറിയന്റേഷൻ ക്ലാസ് നടത്തിപ്പ്

## പരീക്ഷാകേന്ദ്രം പ്രിൻസിപ്പാൾ/കോഡിനേറ്റിംഗ് ടീച്ചർ എന്നിവർക്കുള്ള മാർഗ നിർദ്ദേശങ്ങൾ

1. സ്കോൾ-കേരള മുഖാന്തിരം 2016-18 ബാച്ചിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നേടി **രണ്ടാംവർഷ പഠനം നടത്തുന്ന വിദ്യാർഥികൾക്ക് രണ്ട് ദിവസത്തെ ഓറിയന്റേഷൻ ക്ലാസ്സുകൾ ഒക്ടോബർ 22, 29 തീയതികളിൽ** അതത് പരീക്ഷാകേന്ദ്രങ്ങളിൽ സംഘിടിപ്പിക്കേണ്ടതാണ്. പ്രസ്തുത തീയതികൾ പരീക്ഷാകേന്ദ്രത്തിന്റെ സൗകര്യാർഥം മാറ്റം വരുത്താവുന്നതാണ്.
2. ഓറിയന്റേഷൻ ക്ലാസ്സുകൾ സംഘടിപ്പിക്കുന്ന തീയതികൾ പരീക്ഷാകേന്ദ്രങ്ങളിൽ നിന്നും പത്രമാധ്യമങ്ങളിലൂടെ വിദ്യാർഥികൾക്ക് അറിയിപ്പ് നൽകേണ്ടതാണ്.
3. നിരന്തരമൂല്യനിർണയത്തിന്റെ ഭാഗമായുള്ള ഓറിയന്റേഷൻ ക്ലാസ്സുകൾ സംഘടിപ്പിച്ചതിനുശേഷം സി.ഇ. മാർക്കുകൾ ഹയർസെക്കൻഡറിയിൽ നിന്നും അറിയിപ്പ് ലഭിക്കുന്നതനുസരിച്ച് അപ് ലോഡ് ചെയ്യേണ്ടതാണ്.
4. ഓറിയന്റേഷൻ ക്ലാസ്സുകൾ സംഘടിപ്പിച്ചതിനുള്ള പ്രതിഫലം അനുവദിക്കുന്നതിന് ഹയർസെക്കൻഡറി/സ്കോൾ-കേരള വെബ് സൈറ്റിൽ നിന്നും നിർദ്ദിഷ്ട ഓറിയന്റേഷൻ ഫോമുകൾ ഡൗൺലോഡ് ചെയ്ത് കൃത്യമായി പൂരിപ്പിച്ച് 15.11.2017 തീയതിക്കുള്ളിൽ സ്കോൾ-കേരളയുടെ അതത് ജില്ലാ ഓഫീസിൽ എത്തിക്കേണ്ടതാണ്. എങ്കിൽ മാത്രമേ ഈ സാമ്പത്തികവർഷം പരീക്ഷാകേന്ദ്രങ്ങൾക്ക് പ്രതിഫല തുക അനുവദിക്കാൻ സാധിക്കുകയുള്ളൂ.
5. ഓറിയന്റേഷൻ ഫോമിനോടൊപ്പം റവന്യൂ സ്റ്റാമ്പ് പതിപ്പിച്ച മുൻകൂർ രസീത്, യൂട്ടിലൈസേഷൻ സർട്ടിഫിക്കേറ്റ്, അക്കൗണ്ട് നം., ഐഎഫ്എസ് കോഡ് എന്നിവ ഉൾപ്പെടുന്ന സ്കൂൾ അക്കൗണ്ടിന്റെ പാസ്ബുക്ക് കോപ്പി എന്നിവ ഉൾക്കൊള്ളിക്കേണ്ടതാണ്. മുൻകൂർ രസീതിൽ തുക രേഖപ്പെടുത്തേണ്ടതില്ല. പരീക്ഷാകേന്ദ്രങ്ങൾ അയച്ചുതരുന്ന രേഖകൾ പരിശോധിച്ച് അനുവദിക്കുന്ന തുക മുൻകൂർ അയക്കുന്ന രസീതിയിൽ പിന്നീട് രേഖപ്പെടുത്തും. ഭരണപരമായ സൗകര്യത്തിന് വേണ്ടിയാണ് മുൻകൂർ രസീത് ശേഖരിക്കുന്നത്.
6. സ്കോൾ കേരളയുടെ അതത് ജില്ലാകേന്ദ്രം ഓഫീസർ ഇൻ-ചാർജുമാർ ബന്ധപ്പെട്ട പരീക്ഷാകേന്ദ്രങ്ങളിൽനിന്നും ഓറിയന്റേഷൻ ക്ലാസ് നടത്തിപ്പിന്റെ വിശദാംശങ്ങൾ ശേഖരിച്ച് 25.11.2017 തീയതിക്കുള്ളിൽ സംസ്ഥാന ഓഫീസിൽ എത്തിക്കേണ്ടതാണ്.

ഒപ്പ്

09.10.2017

**എക്സിക്യൂട്ടീവ് ഡയറക്ടർ**

*പകർപ്പ്*

എല്ലാ ജില്ലാകേന്ദ്രം ജീവനക്കാർക്കും